<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6424</u> <u>10-07-2024 - ൽ മറുപടിയ്ക്ക്</u>

<u>മിശ്രഭോജനത്തിന്റെ സ്മരണയ്ക്കായി സ്മാരകം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 ബഡ്ജറ്റിൽ അടങ്കൽ തുകയുടെ ഇരുപത് ശതമാനം തുക വകയിരുത്തിയ, വൈപ്പിൻ മണ്ഡലത്തിലെ ചെറായിയിലുള്ള സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് സമീപം മിശ്രഭോജനത്തിന്റെ സ്മരണയ്ക്കായി സ്മാരകം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് നാളിതുവരെ ഭരണാനുമതി ലഭ്യമാകാത്തതിന് കാരണം വിശദമാക്കാമോ; | (എ) | എറണാകുളം വൈപ്പിൻ മണ്ഡലത്തിൽ ചെറായിയിൽ സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് സമീപം മിശ്രഭോജന സ്മാരക നിർമ്മാണത്തിനായി 2022-23 വർഷം എഴുപത് ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ച് പതിനാല് ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. മുസീരിസ് പ്രൊജക്ട് ലിമിറ്റഡ് മിശ്രഭോജന സ്മാരകത്തിനായി ഏറ്റെടുത്ത ഭൂമി ആയതിനാൽ സാംസ്കാരിക വകുപ്പിന് കൈമാറാൻ നിർവ്വാഹമില്ലെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി. 09.10.2023-ൽ വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥത കൈമാറാതെ സംയുക്ത സംരംഭമായി പരിഗണിക്കാൻ തീരുമാനിച്ചു. യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രൊപ്പോസൽ ഭരണാനുമതിക്കായി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ടോ; ഇതിനായി ടൂറിസം സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനം എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | എറണാകുളം വൈപ്പിൻ മണ്ഡലത്തിൽ ചെറായിയിൽ സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് സമീപം മിശ്രഭോജന സ്മാരക നിർമ്മാണത്തിനായി 2022-23 വർഷം എഴുപത് ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ച് പതിനാല് ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. മുസീരിസ് പ്രൊജക്ട് ലിമിറ്റഡ് മിശ്രഭോജന സ്മാരകത്തിനായി ഏറ്റെടുത്ത ഭൂമി ആയതിനാൽ സാംസ്കാരിക വകുപ്പിന് കൈമാറാൻ നിർവ്വാഹമില്ലെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി. 09.10.2023-ൽ വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥത കൈമാറാതെ സംയുക്ത സംരംഭമായി പരിഗണിക്കാൻ തീരുമാനിച്ചു. യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | എറണാകുളം വൈപ്പിൻ മണ്ഡലത്തിൽ ചെറായിയിൽ സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് സമീപം മിശ്രഭോജന സ്മാരക നിർമ്മാണത്തിനായി 2022-23 വർഷം എഴുപത് ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ച് പതിനാല് ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. മുസിരിസ് പ്രൊജക്റ്റ് ലിമിറ്റഡ് മിശ്രഭോജന സ്മാരകത്തിനായി ഏറ്റെടുത്ത ഭൂമി ആയതിനാൽ സാംസ്കാരിക വകുപ്പിന് കൈമാറാൻ നിർവ്വാഹമില്ലെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി. 09.10.2023-ൽ വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥത കൈമാറാതെ സംയുക്ത സംരംഭമായി പരിഗണിക്കാൻ തീരുമാനിച്ചു. യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | ഇതു സംബന്ധിച്ച സാംസ്കാരികകാര്യ വകുപ്പിലെ എ2/12/2015 നമ്പർ ഫയലിന്മേൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്മാരക നിർമ്മാണം സംബന്ധിച്ച് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം, ഭൂമിയുടെ ഉപയോഗ അനുമതി, ഫണ്ട് എന്നിവ സംബന്ധിച്ച വിഷയത്തിൽ ടൂറിസം വകുപ്പുമായി ചർച്ച് ചെയ്ത് സാംസ്കാരിക വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതിയ്ക്ക് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്മാരക നിർമ്മാണം സംബന്ധിച്ച് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം, ഭൂമിയുടെ ഉപയോഗ അനുമതി, ഫണ്ട് എന്നിവ സംബന്ധിച്ച വിഷയത്തിൽ ടൂറിസം വകുപ്പുമായി ചർച്ച് ചെയ്ത് സാംസ്കാരിക വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**<u>സഹോദരൻ അയ്യപ്പൻ സ്മാരകം -ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 09-10-2023 ന് 11.30 മണിക്ക് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അദ്ദേഹത്തിന്റെ ചേംമ്പറിൽ വച്ച് നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്</u>**

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം 11.30 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

മേൽ വിഷയത്തെ സംബന്ധിച്ച് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

**<u>തീരുമാനം</u>**

എറണാകുളം ജില്ലയിൽ തുണ്ടിടപ്പറമ്പ് എന്ന സ്ഥലത്ത് സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ 1917 ൽ നടത്തിയ മിശ്രഭോജനത്തിന്റെ സ്മരണാർത്ഥം പ്രസ്തുത സ്ഥലത്ത് ഒരു സ്മാരകം നിർമിക്കുന്ന കാര്യം സഹോദരൻ അയ്യപ്പന്റെ വീട് കൂടി സ്ഥിതിചെയ്യുന്ന പ്രദേശമായതിനാൽ, വിനോദസഞ്ചാര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തു, സ്ഥലം കൈമാറാതെ തന്നെ സാംസ്കാരിക വകുപ്പുമായി ചേർന്ന് ഒരു സംയുക്ത സംരഭമായി പരിഗണിക്കാവുന്നതാണ്

യോഗ നടപടികൾ 12.00 മണിയ്ക്ക് അവസാനിച്ചു.

കെ ബിജു ഐ എ എസ്
സെക്രട്ടറി
O/O SECRETARY TOURISM

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ശ്രീ. പി.ബി നൂഹ് ഐ.എ.എസ്, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
2. ശ്രീ.ജഗദീഷ്. ഡി, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
3. ശ്രീമതി.സുഭാഷിണി തങ്കച്ചി. പി , ഡെപ്യൂട്ടി സെക്രട്ടറി, സാംസ്കാരിക വകുപ്പ്
4. ശ്രീമതി.രശ്മി.റ്റി, അണ്ടർ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
5. ശ്രീ.ബിജു വർഗീസ്, അണ്ടർ സെക്രട്ടറി, റവന്യൂ വകുപ്പ്
6. ശ്രീ.മനോജ്കുമാർ.കെ, എം.ഡി,മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ്